ഓണം: മിത്തും ചില തിരുത്തുകളും

ഡോ. അസീസ് തരുവണ

1961–ൽ പട്ടം താണുപിള്ള കേരളത്തിന്റെ ദേശിയോത്സവമായ് പ്രഖ്യാപിക്കുന്നതുവരെ കേരളീയ ഹൈന്ദവ ആഘോഷമായിരുന്നു ഓണം തികച്ചും മതപരമായ ആഘോഷം. ഹൈന്ദവ 'അത്തം' എന്നതിൽ നിന്ന് കേരളീയ ആഘോഷം എന്ന പരികല്പനയിലേക്ക് വരുമ്പോൾ ഐതിഹ്യത്തെയും അതിനു പിന്നിലെ ചരിത്രത്തെയും തന്നെ കൊടുത്തുകളഞ്ഞതിനു പിന്നിൽ വരേണ്യതയുടെ ഒരു ഭാവം വാമൊഴിയിലൂടെയും പിന്നീട് വരമൊഴിയിലൂടെയും പ്രചരിച്ച് കാലാന്തരത്തിൽ അധിനിവേശത്തിനെതിരെയുള്ള ജനകീയ പ്രതിരോധത്തിന്റെ ചൂടും ചൂരുമില്ലാതാക്കിയിട്ടുണ്ട്. ആദിമ വിഭവ പരിപ്രാപണവും ഐതിഹ്യങ്ങൾ.

ഓണവുമായി ബന്ധപ്പെട്ട് ഒട്ടേറെ ഐതിഹ്യങ്ങൾ നിലവിലുണ്ടെങ്കിലും സവർണ്ണ പാഠമാണ് മേൽപറഞ്ഞവയ്ക്ക് സമീകരിക്കാനുള്ള ഒന്നാമതായത്. "കേരളം ഭരിച്ചിരുന്ന ഒരു അസുരരാജാവാണ് മഹാബലി. നിയമിലും ധർമ്മത്തിലും അധിഷ്ഠിതമായ ഭരണമായിരുന്നു അദ്ദേഹം കാഴ്ചവച്ചത്. വിരോചനന്റെ ഈ പുത്രൻ കേരളത്തിലെ ഭൂപ്രഭുക്കന്മാരുടെ പൂർവികനാണ്. പാലിയേക്കര നമ്പൂതിരിപ്പാടിന്റെ പൂർവികനായ ഭൃഗു മഹർഷിയുടെ ശാപത്തിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി നടന്ന ദേവാസുരയുദ്ധത്തിൽ ദേവന്മാരുടെ പക്ഷത്തായിരുന്നു പാലിയേക്കര പൂർവികർ. ഈ യുദ്ധത്തിൽ അസുരന്മാർ പരാജയപ്പെടുകയും ചെയ്തു. പിന്നീട് മഹാബലി പാതാളം ആക്രമിച്ച് കീഴടക്കി ദേവന്മാർ കാടുകളിൽ അഭയം പ്രാപിച്ചു. ദേവമാതാവായ അദിതി ഭർത്താവായ മഹർഷി കശ്യപനോട് പരിഹാരം ആരാഞ്ഞു. കശ്യപൻ നിർദ്ദേശിച്ചതനുസരിച്ച് അദിതി പയോവ്രതം അനുഷ്ഠിച്ച് വിഷ്ണുവിനെ പ്രത്യക്ഷപ്പെടുത്തി. പ്രത്യക്ഷപ്പെട്ട മഹാവിഷ്ണു അവളിൽ നിന്ന് വാമനനായി അവതാരമെടുത്തു. നിയമാനുസൃതം മഹാബലി ഒരു യജ്ഞം നടത്തിക്കൊണ്ടിരുന്ന വേളയിൽ വാമനൻ ഒരു മുനികുമാരന്റെ വേഷത്തിൽ അദ്ദേഹത്തെ സമീപിച്ച് മൂന്നടി സ്ഥലം തപസ്സുചെയ്യുന്ന ആവശ്യത്തിനു വേണ്ടി ദാനം നൽകണമെന്ന് അപേക്ഷിച്ചു. അളന്നുകൊടുക്കാൻ മഹാബലി അനുവദിച്ചു. പെട്ടെന്ന് വാമനൻ സ്വയം വളർന്നു തുടങ്ങി. അംബര ചുംബിയായ ഒരു മഹാസത്വമായിത്തീർന്ന വാമനൻ ഭൂമി മുഴുവൻ ഒരടികൊണ്ടും സ്വർഗലോകം മുഴുവൻ രണ്ടാമത്തെ അടികൊണ്ടും അളന്നെടുത്തു. മൂന്നാമത്തെ അടിക്ക് സ്ഥലം തികയാതെ വന്നപ്പോൾ മഹാബലി സ്വന്തം ശിരസ്സു കാണിച്ചു കൊടുത്തു. വാമനൻ ഉടനെ മഹാബലിയെ ചവിട്ടി പാതാളത്തിലേക്ക് താഴ്ത്തി. ശിരസ്സിൽ കാലുവെച്ചപ്പോൾ മഹാബലി ഒരു വരം ആവശ്യപ്പെട്ടു. എല്ലാ വർഷവും പ്രജകളായ കേരളീയരെ കാണാൻ ഒരു ദിവസമെന്നെ അനുവദിക്കണം. ഈ വരത്തിന്റെ അടിസ്ഥാനത്തിൽ മഹാബലി എല്ലാ വർഷവും കേരളത്തിൽ എത്തുന്നു. അന്നാണ് ഓണം."

ചില അടിസ്ഥാന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുമ്പോഴേ മാവേലിക്കഥയുടെ യഥാർഥ ചിത്രം ചുരുളഴിക്കാനാവൂ. ആരാണ് രാക്ഷസന്മാരും അസുരന്മാരും? എന്താണ് ദേവലോകം? മാവേലിക്കഥയുടെ പിന്നിലെ ഗൂഢാലോചന എന്തായിരുന്നു? പാതാളത്തിലേക്കു ചവിട്ടിത്താഴ്ത്തി എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്..?

അസുരന്മാരും രാക്ഷസന്മാരും

സുരൻ എന്ന ദേവനാമത്തിന്റെ വിപരീതമാണ് അസുരൻ. സുര എന്ന മദ്യം സേവിച്ചിരുന്നവർ സുരന്മാരും ഉപയോഗിക്കാത്തവർ അസുരന്മാരുമായി. മഹാഭാരതം ആദിപർവം 65-ാം അധ്യായത്തിൽ പറയുന്നത് ഇങ്ങനെയാണ്: ദക്ഷ പ്രജാപതിയുടെ പുത്രിമാരായ ദിതിയെ ബ്രഹ്മാവിന്റെ പൗത്രനും മരീചിയുടെ പുത്രനുമായ കശ്യപൻ വിവാഹം കഴിച്ചു. അവൾക്ക് അദിതി, കാല, ദനു, പ്രാധ, വിശ്വ, വിനത, കപില, മുനി തുടങ്ങിയ അനേകം സഹോദരിമാരുണ്ടായിരുന്നു. കശ്യപന് ദിതിയിലുണ്ടായ പുത്രന്മാർ അസുരന്മാരും (ദിതേയന്മാർ) ദിതിയുടെ സഹോദരിയായ അദിതിയിലുണ്ടായ പുത്രന്മാർ ദേവൻമാരു (ആദിതേയന്മാർ)മായിത്തീർന്നു. അസുരന്മാരിൽ പണ്ഡിതന്മാരും നീതിമാന്മാരുമായ ഭരണാധികാരികളും ശിൽപ്പികളും ഭിഷഗ്വരന്മാരും സാത്വികരുമുണ്ടായിരുന്നു. മയൻ ശിൽപ്പിയും ശുക്രാചാര്യർ പണ്ഡിതനും ശിബിയും മഹാബലിയും നീതിമാന്മാരായ ഭരണാധികാരികളുമാണ്. അസുരന്മാരിൽപ്പെട്ട ഒരു വിഭാഗമാണ് രാക്ഷസന്മാർ. അസുരന്മാരും രാക്ഷസന്മാരും ഇന്ത്യയിലെ പുരാതനമായ രണ്ടു ഗോത്ര വിഭാഗങ്ങളാണെന്ന് അഭിപ്രായപ്പെട്ട ഒട്ടേറെ ഗവേഷകരും പണ്ഡിതന്മാരുമുണ്ട്.

"അസുരന്മാർ എന്നത് ഉത്തരേന്ത്യയിലെ ഒരു ജാതിപ്പേരാണ്. നോക്കൂ ജാതിക്കാർ തങ്ങൾ രാക്ഷസന്മാരുടെ പിൻഗാമികളാണെന്ന് അവകാശപ്പെടുകയും ചെയ്യുന്നു" (The Tribes and Castes of the Central Provinces of India, vol: 1,Page: 402, R V Russel)

സ്വന്തം മണ്ണും മാനവും സംരക്ഷിക്കുന്നതിനുവേണ്ടി പൊരുതിയവരാണ് രാക്ഷസന്മാർ. ആര്യാധിനിവേശ ശക്തികളുടെ നിരന്തരാക്രമണത്തിനു വിധേയരായവരാണവർ. രാക്ഷസന്മാരെ കൊന്നൊടുക്കുന്നത് പുണ്യകർമ്മമായാണ് സവർണ കൃതികൾ പ്രചരിപ്പിക്കുന്നത്. പരാശരമുനി രാക്ഷസന്മാരെ ഒന്നടങ്കം നശിപ്പിക്കുന്നതിനു വേണ്ടി നടത്തിയ ഒരു രാക്ഷസയജ്ഞത്തെപ്പറ്റി മഹാഭാരതം ആദിപർവം 181-ാം അധ്യായത്തിൽ കാണാം. അതായത്, തദ്ദേശവാസികളായ ഒരു ജനസമൂഹത്തെ മുഴുവൻ വംശഹത്യ നടത്താനുള്ള യജ്ഞം!

ഇതേ സമയം രാക്ഷസന്മാരെ കൊന്നൊടുക്കുന്ന കാര്യത്തിൽ ചില സൗജന്യങ്ങൾ അനുവദിച്ചിരുന്നു എന്നകാര്യം മറച്ചുവെയ്ക്കുന്നില്ല. രാക്ഷസന്മാരെ സന്ധ്യാകാലത്ത് കൊല്ലാൻ പാടില്ലെന്ന് പുരാണികർ വിധിച്ചിരുന്നതായി വാല്മീകി രാമായണത്തിൽ കാണാം. രാക്ഷസ- അസുര വംശഹത്യക്ക് തുനിഞ്ഞ സമ്മതമാണ് ആര്യ-സവർണ മഹാഗ്രന്ഥങ്ങൾ നൽകുന്നത്.

ദേവന്മാരുടെ അധികാരാവകാശങ്ങളെ ചോദ്യം ചെയ്തിരുന്ന തദ്ദേശവാസികളെ. ഇന്ന് അമേരിക്കൻ അധിനിവേശത്തെ എതിർക്കുന്നവരെ ഭീകരർ, തീവ്രവാദികൾ എന്നൊക്കെ വിശേഷിപ്പിക്കുന്നതുപോലെ അസുരന്മാർ, രാക്ഷസന്മാർ എന്നുവിളിച്ച് ഒറ്റപ്പെടുത്തുകയാണ് അന്നു ചെയ്തിരുന്നത്. ഇന്ന് അമേരിക്ക അഫ്ഗാനിസ്ഥാനിലും ഇറാഖിലും ചെയ്യുന്നതുപോലെ തങ്ങൾക്ക് ഇഷ്ടമില്ലാത്ത അനാര്യ വിഭാഗങ്ങളെ പലതവണ ആര്യ-സവർണ വിഭാഗം കൂട്ടക്കൊല നടത്തിയിട്ടുണ്ട്. ദേവന്മാരും അസുരന്മാരും തമ്മിൽ 12 തവണ ഘോരയുദ്ധങ്ങൾ നടന്നതായി പരമ പുരാണങ്ങൾ കാണാം.

ധാരാവാരങ്ങൾ കൊന്നൊടുക്കിയവരെല്ലാം തദ്ദേശ വാസികളായിരുന്നു. അധിനിവേശ ശക്തികളുടെ ആര്യ-ആര്യനിതര അടിച്ചേൽപ്പിച്ച വിവേചനവും വികലവുമായ മൂല്യബോധം തുടക്കാലത്തോടൊപ്പം നിൽക്കാനാണ് ആവശ്യപ്പെടുന്നത്. അതിനാൽ, ദേവന്മാരുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട തദ്ദേശവാസികളായ ഇരകളെ നിഷ്കൃഷ്ടരുമായാണ് മുഖ്യധാരാ സവർണ സാഹിത്യങ്ങൾ ഇപ്പോഴും പരിചയപ്പെടുത്തുന്നത്.

ദേവന്മാരും അസുരന്മാരും

പുരാണികകാലത്തെ ശക്തമായ ഒരു സമുദായമായിരിക്കാം ദേവന്മാരുടേത്. ദൈവമെന്ന അർഥത്തിലല്ല ദേവന്മാരെ പുരാണേതിഹാസങ്ങൾ പരിചയപ്പെടുത്തുന്നത്. പ്രത്യുത്പാദനമുൾപ്പെടെയുള്ള എല്ലാ വിധ മാനുഷിക ദൗർബല്യങ്ങളുമുള്ളവരായിട്ടാണ്. അവരുടെ ആവാസസ്ഥലമോ അധികാര കേന്ദ്രമോ ആണ് 'ദേവലോകം.

സവർണ മിത്തോളജി അവതരിപ്പിക്കുന്ന ദേവലോകം ഒരഴിഞ്ഞാട്ട കേന്ദ്രം കൂടിയാണ്. സുരോത്സവവും രതോത്സവവുമടക്കമുള്ളവ അവിടെ നിത്യ സംഭവമാണ്. തദ്ദേശവാസികളായ അസുരാജാക്കന്മാർ പലപ്പോഴും ഈ അധികാര സ്ഥാനത്തെ ആക്രമിച്ചതു ദേവന്മാരുടെ അധികാര ഗർവും അധിനിവേശ പ്രമത്തതയും സദാചാര ഭ്രംശവും തർക്കാനുദ്ദേശിച്ചാണ്. ചില യുദ്ധങ്ങളിലെങ്കിലും ദേവന്മാർ പരാജിതരാവുകയും ചെയ്തിട്ടുണ്ട്. മഹാബലി ദേവലോകം ആക്രമിച്ചപ്പോൾ ദേവന്മാർ കാടുകളിൽ അഭയം തേടിയെന്നു പറയുന്നത് അതിനാലാണ്.

സാമ്രാജ്യത്വം ഇക്കാലത്ത് ചെയ്യുന്ന സകല അടവുകളും ദേവലോകം അന്നത്തെ മുന്നാംലോക പൗരന്മാരായ അസുര രാക്ഷസവർഗത്തിനു നേരെ പ്രയോഗിച്ചിരുന്നു.

സമൃദ്ധി, സമഭാവന, സഹോദര്യം, സാമൂഹിക നീതി തുടങ്ങിയ മഹാബലിയുടെ ഭരണനയങ്ങൾ ദേവന്മാർക്കും ബ്രാഹ്മണർക്കും സഹിച്ചിരുന്നില്ല. തങ്ങൾക്ക് പ്രത്യേക സുഖസൗകര്യങ്ങൾ വേണമെന്നു ബ്രാഹ്മണരും ദേവന്മാരും ആവശ്യപ്പെടുകയും മഹാബലി അതു നിരസിക്കുകയും ചെയ്തതായി 'വാമനപുരാണ'ത്തിൽ കാണാം.

മഹാബലിയുടെ ഭരണസംവിധാനത്തിൽ രാജ്യത്തെല്ലാവർക്കും സുഖം ലഭിച്ചിരുന്നെങ്കിലും ബ്രാഹ്മണർക്കും ദേവകൾക്കും 'അവർഹിക്കുന്ന' വിധത്തിലുള്ള സുഖം നിഷേധിക്കപ്പെട്ടിരുന്നു. അവർ വിഷ്ണുവിനെ പ്രാപിച്ച് തങ്ങളുടെ ദുഃഖകഥ അറിയിച്ചു. വിഷ്ണു ഇങ്ങനെ പറഞ്ഞു: "ബലി എന്റെ ഒരു ഭക്തനാണ്. എങ്കിലും നിങ്ങളുടെ ഈ യാതനകൾ ദൂരീകരിക്കുന്നതിനായി ഞാൻ താമസംവിനാ വാമനനായി അവതരിച്ചു കൊള്ളാം" (വാമനപുരാണം 77-ൽ നിന്ന് വെട്ടം മാണിയുടെ പുരാണിക് എൻസൈക്ലോപീഡിയയിൽ ഉദ്ധരിച്ചത്).

വിഷ്ണു വാമനനായി അവതരിക്കുമെന്ന വാർത്ത പ്രഹ്ലാദൻ വഴി മഹാബലി അറിഞ്ഞപ്പോൾ മാവേലി പുച്ഛിച്ചുതള്ളുകയാണ് ചെയ്തത്. 'ആ വിഷ്ണു വിനേക്കാൾ നമ്മുടെ രാക്ഷസന്മാരാണ് ബലശാലികൾ' (അതേ കൃതി)

ചാതുർവർണ്യത്തിന്റെ തണലിൽ ബ്രാഹ്മണർ കുടുതൽ അധികാരാവകാശങ്ങൾ കവരുന്നതു മഹാബലി കണ്ടിരുന്നു. അതിനാൽ തന്റെ ഭരണത്തിനു കീഴിൽ അത്തരം അസമത്വങ്ങൾ അദ്ദേഹം അനുവദിച്ചിരുന്നില്ല. "മഹാബലി ബാല്യകാലം മുതൽക്കേ ബ്രാഹ്മണ വിദ്വേഷിയായിരുന്നു" എന്ന് മഹാഭാരതം ശാന്തിപർവം 90-ാം അധ്യായം 24-ാം പദ്യം സാക്ഷ്യപ്പെടുത്തുന്നു. വാമനനായി വന്ന മഹാവിഷ്ണുവിനെ തിരിച്ചറിയാൻ മഹാബലിക്കോ രാജസദസ്സിലുണ്ടായിരുന്നവർക്കോ കഴിഞ്ഞിരുന്നില്ലേ എന്ന ചോദ്യം പ്രസക്തമാണ്. ഭാഗവതം അഷ്ടമസ്കന്ധത്തിൽ നിന്നും മനസ്സിലാവുന്നത് ഇങ്ങനെയാണ്:

"ഗുരുവായ ശുക്രാചാര്യർ മഹാബലിയെ വിളിച്ച് ബാലൻ (വാമനൻ) ഒരു തട്ടിപ്പുകാരനാണെന്നും അതിനാൽ സ്ഥലം കൊടുക്കരുതെന്നും ഉപദേശിച്ചു. മഹാബലി അതൊന്നും അനുസരിച്ചില്ല. ഗുരുവിനെ അപമാനിക്കുകയും ചെയ്തു. ഗുരുവിന്റെ പ്രാരംഭചടങ്ങായ ജലദാനം ചെയ്യാൻ തുടങ്ങുമ്പോൾ ശുക്രാചാര്യർ ഒരു കരടിന്റെ രൂപത്തിൽ കുടത്തിന്റെ മുഖത്തിൽ കയറിയിരുന്നു. അതുകൊണ്ട് ജലം സ്വീകരിച്ച വെള്ളിയിലേക്ക് പ്രവഹിച്ചില്ല. ഈ വിവരം ധരിച്ച വാമനൻ ഒരു ദർഭപ്പുല്ലെടുത്ത് കരടിനിട്ടു കുത്തി. ആ പുല്ലിന്റെ അഗ്രം ശുക്രാചാര്യരുടെ ഒരു കണ്ണിലാണ് തറച്ചത്. അന്നു മുതൽ ശുക്രാചാര്യർ ഏകനേത്രനായിത്തീർന്നു. ജലം നിർബാധം വാമനന്റെ കരതലത്തിൽ വീണു. കുപിതനായ ശുക്രൻ മഹാബലിയെ ശപിച്ചു. വാമനൻ സ്ഥലമളന്നു തുടങ്ങിയപ്പോൾ ഭയവിഹ്വലരായ അസുരന്മാർ കൈയിൽ കിട്ടിയ എല്ലാ ആയുധങ്ങളുമെടുത്ത് വാമനനെ ആക്രമിച്ചു. അവസാനം മഹാബലിയെ പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തി. അന്നു മുതൽ അസുരന്മർ പാതാളവാസികളായിത്തീർന്നു. (ഭാഗവതം അഷ്ടമസ്കന്ധം)

മഹാബലിയെ പാതാളത്തിലേക്കു ചവിട്ടിത്താഴ്ത്തി എന്ന വിവരണത്തിൽ ചില അവ്യക്തതകളുണ്ട്. പൗരാണിക ഹൈന്ദവ കൃതികളിൽ അതിനുള്ള സൂചനകൾ ലഭ്യമാണ്. മഹാബലിയെ ചവിട്ടിത്താഴ്ത്തിയ രംഗം ദേവീ ഭാഗവതം നവമസ്കന്ധത്തിൽ ഇങ്ങനെ വിവരിക്കുന്നു: "ഇന്ദ്രനെ സന്തോഷിപ്പിക്കാൻ വേണ്ടി മഹാവിഷ്ണു വാമനന്റെ രൂപമെടുത്ത് മഹാബലിയുടെ അടുത്തു ചെല്ലുകയും ചതിയിൽ അദ്ദേഹത്തിന്റെ രാജ്യവും മറ്റും കൈക്കലാക്കിയ ശേഷം വരുണപാശ (കയർ)ത്താൽ കെട്ടിവരിഞ്ഞ് ഭൂമിയിൽ ഒരു ദ്വാരമുണ്ടാക്കി അതിൽക്കൂടി സുതലത്തിലേക്കു തള്ളിയിടുകയും ചെയ്തു" (ഉദ്ധരണി: പുരാണിക് എൻസൈക്ലോപീഡിയ)

കയറുകൊണ്ട് കെട്ടിവരിഞ്ഞ്, ഭൂമിയിൽ ദ്വാരമുണ്ടാക്കി മഹാബലിയെ അതിലിട്ടു എന്നതിന്റെ അർഥമെന്താണ്? കെട്ടിവരിഞ്ഞ് കുഴിയിൽ തള്ളിയ മഹാബലിയെ ദേവലോകം ഗൂഢാലോചനയിലൂടെ കൊന്നുവെന്നു നേർക്കുനേർ അർഥം പറഞ്ഞാൽ തെറ്റാകുമോ? ഭൂമി അൽപ്പം കുഴിച്ചാൽ മറ്റൊരു ദേശത്തോ ലോകത്തോ എത്തുകയില്ല എന്നിരിക്കെ 'കൊന്നു' എന്ന് ചവിട്ടിത്താഴ്ത്തിയതിന് അർഥം പറയുന്നതാവും കൂടുതൽ യുക്തിദ്രം. മഹാബലിയെ കൊന്നു എന്നു വിശ്വസിക്കുന്ന ഒട്ടേറെ ഗോത്രസമുഹങ്ങളുണ്ട്. തങ്ങൾ മഹാബലിയുടെ മക്കളാണ് എന്നു വിശ്വസിക്കുന്നവരാണ് വയനാട്ടിലെ അടിയാന്മാർ (അടിമകൾ എന്നു പദാർഥം). മഹാബലിയെ കള്ളത്തന്ത്രംകൊണ്ടാണ് ചതിയിൽ പെടുത്തിയതിനെക്കുറിച്ചും കീഴാളരെ തമ്മിലടിപ്പിച്ചു ജാതികൾ ഉണ്ടാക്കിയതിനെക്കുറിച്ചും ചാതുർവർണ്യ വ്യവസ്ഥ ആരംഭിച്ചതിനെപ്പറ്റിയും സുദീർഘമായ കഥകൾ അവരുടെ പെലപ്പാട്ടിലുണ്ട്. മഹാബലിക്ക് മുക്കിലിടിച്ചു കൊന്നു എന്നാണതിൽ പറയുന്നത്. (കെ ജെ ബേബി, 'മാവേലിമന്റ്'തിൽ ഈ കഥ വിശദമായി പറയുന്നുണ്ട്.)മഹാബലിയെ ചവിട്ടിത്താഴ്ത്തിയതോടെ അസുരന്മാർ ഒന്നടങ്കം പാതാളവാസികളായി എന്ന ഭാഗവതം അഷ്ടമസ്കന്ധത്തിലെ പരാമർശവും പഠനവിധേയമാക്കേണ്ടതാണ്. എങ്ങനെയാണവർ ഭൂമിക്കിടയിലുള്ള പാതാളത്തിലെത്തിയത്? ഏതാണ് ആ പാതാളത്തിലേക്കുള്ള വഴി? മഹാബലിയുടെ രാജ്യവും ജീവനും കവർന്നതിനോടൊപ്പം ദേശവാസികളായ അസുരജനതയെയും കൊന്നൊടുക്കി എന്നു പറയുന്നതല്ലേ യാഥാർഥ്യം? മഹാബലിയെ ,പാതാളത്തിലേക്കയച്ചശേഷം കേരളം ഭരിച്ചതാരാണ്? മഹാവിഷ്ണുവാണോ? അതോ വിഷ്ണു പ്രതിഷ്ഠിച്ച വല്ല പാവഭരണാധികാരികളോ? .

ചുരുക്കത്തിൽ, ഓണം സമൃദ്ധിയുടെയും സമഭാവനയുടെയും ഉത്തുംഗതയിൽ എത്തിയ ഒരു നല്ല കാലത്തെക്കുറിച്ചുള്ള സ്മരണകൾ ഉണർത്തുമ്പോൾ തന്നെ, അധിനിവേശത്തിന്റെയും വംശഹത്യയുടെയും ദുരന്ത സ്മരണകൾ കൂടി നമ്മുടെ മുമ്പിലെത്തിക്കുന്നു. നീതിയും ധർമവും വാണ മഹാബലിയുടെ ഭരണകൂടത്തെ ദേവലോക ഗൂഢാലോചന അട്ടിമറിച്ച അനീതി വിജയം കണ്ട ദിനം. അതിനാൽ, അധിനിവേശ കാപടൃങ്ങൾക്കെതിരായ കരുതൽ പ്രതീകമാണ് ഇന്നു മഹാബലി; ഒപ്പം അധിനിവേശ വിരുദ്ധ ദിനമായി ഓണം ആചരിക്കാനുമാവണം.

2011

ഓണം സമൃദ്ധിയുടെയും സമഭാവനയുടെയും ഉത്തുംഗതയിൽ എത്തിയ ഒരു നല്ല കാലത്തെക്കുറിച്ചുള്ള ഓർമകൾ ഉണർത്തുമ്പോൾ തന്നെ, അധിനിവേശത്തിന്റെയും വംശഹത്യയുടെയും ദുരന്ത സ്മരണകൾ കൂടി നമ്മുടെ മുമ്പിലെത്തിക്കുന്നു.